# സ്നേഹത്തോടെ മലർവാടിക്ക്...



എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥ പട്ടാളം പൈലിയാണ്. വളരെ രസകരമായ കഥകളാണ് അതിലുള്ളത്. കുറെ ഗുണ പാഠങ്ങളും ഉണ്ട്. ഒരുപാട് നല്ല കഥകൾ തന്ന മലർവാടിക്ക് ഒരായിരം അഭിനന്ദനങ്ങൾ.!

ഞാൻ നിർത്തുന്നു.

ഹംദാൻ അലി. എം.ഇ, ക്ലാസ് 8
എൻ.സി.ടി ഇംഗ്ലീഷ് മീഡിയം സ്കൂൾ

പ്രിയപ്പെട്ട മലർവാടീ...

ഞാൻ മലർവാടിയുടെ സ്ഥിരം വായനക്കാരിയാണ്. എനിക്ക് ഇഷ്ടപ്പെട്ട കഥ പൂച്ചപോലീസാണ്. നല്ല ത്രില്ലിംഗാണത്. മലർവാടിക്ക് എല്ലാ വിധ ആശംസകളും.

അഫ്റ അലി എം.ഇ, ക്ലാസ്- 6,
പി.ടി.എം എ.യു.പി.എസ് മുള്ള്യാകുർശി

പ്രിയപ്പെട്ട മലർവാടിക്ക്,

നിന്നെ ഞാൻ വായിക്കാൻ തുടങ്ങിയത് എന്റെ എട്ടാം വയസ്സിലാണ്.



ഞങ്ങൾ അഞ്ച് മക്കളാണ്. മലർവാടി ആദ്യം വായിക്കാൻ വേണ്ടി ഞാൻ നേരത്തേ തന്നെ മുറ്റത്ത് വന്നു നിൽക്കും. എന്റെ ഉമ്മയുടെ വാപ്പയാണ് മലർവാടി വിതരണം ചെയ്യുന്നത്. കാദർക്കയും പൈലിയും കുട്ടപ്പനും കൂടി വാസുവിനിട്ട് കൊടുത്തിട്ടും മതിയായില്ലേ മലർവാടീ... ഒക്ടോബർ 1-ലെ കളിമുറ്റത്തിലെ പറയാമോ? എന്ന കളിയിൽ 15 ചതുരം ഉണ്ടോ എന്ന് ഒന്ന് നോക്കണേ. ഉണ്ടെങ്കിൽ തിരുത്തണേ.

അടുത്ത മലർവാടിക്കായി കാത്തിരിക്കുന്നു.

അദീബ്. കെ.എം, ക്ലാസ് 5
കെ.എൻ.എം എം.ഇ.എസ്, എടത്തല

## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **അദീബ്. കെ.എം** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.



പ്രിയ മലർവാടിക്ക്,

ഞാൻ നിന്നോട് ഉള്ളു തുറന്ന് സംസാരിക്കുകയാണ്. പണ്ട് എനിക്ക് നിന്നെ ഇഷ്ടപ്പെടാൻ കാരണം നിന്നിലെ ചിത്രകഥകളും തമാശകളും മാത്രമായിരുന്നു. എന്തെന്നാൽ എനിക്ക് വായനയോട് വലിയ താൽപര്യം ഇല്ലായിരുന്നു.

വായനശീലം വർധിപ്പിക്കാൻ എന്തു ചെയ്യണമെന്ന് ശിഹാബ്ക്കയോട് ചോദിക്കണമെന്ന് കരുതിയിരുന്നു. പിന്നീട് പതിയെ പേജുകളിലെ ചിത്രങ്ങളും തലക്കെട്ടുകളും എന്നെ ആകർഷിച്ചു തുടങ്ങി. അതിനാൽ എഴുത്തിന്റെ നീളം നോക്കാതെ ഞാൻ വായിക്കാൻ തുടങ്ങി.

എന്നെ ഇതിന് പ്രേരിപ്പിച്ചത് നീ തന്നെയാണ്.

അതിനാൽ മലർവാടിയോട് ഞാൻ നന്ദി പറയുന്നു. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

ഹാജറാ ഫസീല. എം
ക്ലാസ് 8
വാണിയമ്പലം

നിങ്ങളുടെ കത്തുകൾ
മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.